**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 873** **18-09-2025 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഉന്നതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ മണ്ഡലത്തിൽ എത്ര ഉന്നതികൾക്കാണ് അംബേദ്കർ ഉന്നതി പദ്ധതി പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ആര്യാട് നോർത്ത് നഗർ(2021-22), പന്നിശ്ശേരി നഗർ(2022-23) എന്നീ രണ്ട് ഉന്നതികൾക്കു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത എസ്റ്റിമേറ്റുകളിൽ ഏതൊക്കെ ഉന്നതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരം അറിയിക്കാമോ; | (ബി) | ആര്യാട് നോർത്ത് നഗറിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഭരണാനുമതി ലഭിച്ചതിൽ ഏതൊക്കെ ഉന്നതികളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതികൾക്കായിഎത്ര തുകയാണ് ചിലവഴിക്കുന്നതെന്നും ആരംഭിച്ച പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നുമുള്ള വിവരം ലഭ്യമാക്കാമോ? | (ഡി) | ആര്യാട് നോർത്ത് ഗ്രാമത്തിന്റെ 99,16,752/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിയ്ക്കുകയും 41,42,870/- രൂപ ടി പദ്ധതിയ്ക്കായി നാളിതുവരെ അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പ്രവൃത്തികൾ 2025 ഡിസംബറിൽ പൂർത്തീകരിയ്ക്കുവാൻ സാധിക്കുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.<br><br>പന്നിശ്ശേരി നഗറിന്റെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ